published on - 17/2/16

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 393

# 2016-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 393

# 2016-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ (ഭേദഗതി) ബിൽ

230/2016.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 393

# 2016-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ (ഭേദഗതി) ബിൽ

## 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റിലെ (2010-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിന്റെ (ഡി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) "തർക്കം" എന്നാൽ മൂന്നാർ പ്രദേശത്ത് വനം വകുപ്പിനോ റവന്യൂ വകുപ്പിനോ സ്വന്തമായിരുന്നതോ സ്വന്തമായതോ ആയ ഭൂമിയിൻമേലോ മറ്റ് സർക്കാർ ഭൂമിയിൻമേലോ അതുമായി ബന്ധപ്പെട്ട് ഉടമസ്ഥാവകാശം, കൈവശാവകാശം, ഉപയോഗം അല്ലെങ്കിൽ മറ്റേതെങ്കിലും അവകാശം, എന്തുതന്നെയായാലും, അതുമായോ അങ്ങനെയുള്ള ഭൂമികയ്യേറുന്നതും മാറ്റം വരുത്തുന്നതുമായോ അങ്ങനെയുള്ള ഭൂമി അത് നൽകിയിട്ടുള്ളതോ നൽകിയിരുന്നതോ ആയ ആവശ്യത്തിനല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നതുമായോ മൂന്നാർ പ്രദേശത്തെ അത്തരം ഭൂമിയുടെയും മറ്റ് പ്രകൃതി വിഭവങ്ങളുടെയും വിവേചനരഹിതമായ ചൂഷണവുമായോ അതുപോലെതന്നെ അങ്ങനെയുള്ള പ്രദേശത്തെ എല്ലാ നിർമ്മാണങ്ങളുമായോ അത്തരം ഭൂമിയുടെ മറ്റ് ഉപയോഗങ്ങളുമായോ ബന്ധപ്പെട്ട് ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ കോടതികളുടെയോ മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന സിവിൽ സ്വഭാവമുള്ള എല്ലാ തർക്കങ്ങളും എന്നർത്ഥമാകുന്നു;".

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ട്രൈബ്യൂണലിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരിൽ ഒരാൾ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ജില്ലാ ജഡ്ജി ആയിട്ടുള്ളതോ ആയിരുന്നതോ ആയ ആൾ ആയിരിക്കേണ്ടതും അദ്ദേഹം ട്രൈബ്യൂണലിന്റെ ചെയർമാൻ ആയിരിക്കുന്നതുമാണ്.

4. 3 എ, 3 ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"3 എ. ചെയർമാന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധി.—ചെയർമാനും അംഗങ്ങളും അവർക്ക് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

3ബി. രജിസ്ട്രാറുടെ നിയമനം.—ട്രൈബ്യൂണലിന് ഒരു രജിസ്ട്രാർ ഉണ്ടായിരിക്കേണ്ടതും രജിസ്ട്രാറുടെ തസ്തികയിലേക്ക് കേരള ജുഡീഷ്യൽ സർവ്വീസിൽ നിന്നുള്ള സബ്ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസറെയോ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമവകുപ്പിലെയോ പൊതുഭരണ വകുപ്പിലെയോ ഒരു ഡെപ്യൂട്ടി സെക്രട്ടറിയെയോ അല്ലെങ്കിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഡെപ്യൂട്ടി സെക്രട്ടറിയെയോ ഡെപ്യൂട്ടേഷൻ വഴി നിയമിക്കേണ്ടതുമാണ്.".

5. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2016-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തീയതിയിലും അന്നുമുതൽക്കും പ്രസ്തുത ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട "തർക്കം" എന്ന പദത്തിന്റെ നിർവ്വചനത്തിൻ കീഴിൽ വരാത്തതും ട്രൈബ്യൂണൽ മുമ്പാകെ തീർപ്പാകാതെ കിടക്കുന്നതുമായ സിവിൽ സ്വഭാവമുള്ള എല്ലാ വ്യവഹാരങ്ങളും അല്ലെങ്കിൽ മറ്റ് നിയമ നടപടികളും ഉടൻതന്നെ അധികാരിതയുള്ള കോടതിയിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്.".

6. 5 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"5എ. ട്രൈബ്യൂണലിന്റെ ഉത്തരവുകൾ നടപ്പാക്കൽ.—(1) ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും ഒരു സിവിൽ കോടതിയുടെ ഒരു ഡിക്രിയായി കരുതപ്പെടുന്നതാണ്.

(2) ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അത് തദ്ദേശാധികാരിതയുള്ള ഒരു സിവിൽ കോടതിക്ക് അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള സിവിൽ കോടതി ആ ഉത്തരവ് ആ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രി എന്നപോലെ നടപ്പാക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് (2010-ലെ 13) പ്രകാരം, ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൻവാലി എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന മൂന്നാർ പ്രദേശത്തെ ഭൂമി സംബന്ധിച്ച തർക്കങ്ങൾ തീർപ്പാക്കുന്നതിനുവേണ്ടി വിവിധ കോടതികളിലും മറ്റ് അധികാരസ്ഥാനങ്ങളിലും തീർപ്പാകാതെ നിലനിൽക്കുന്ന ഭൂമിസംബന്ധമായ കേസുകൾ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്തുകൊണ്ട് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ സർക്കാർ രൂപീകരിക്കുകയുണ്ടായി.

2. ആക്റ്റിലെ "തർക്കം" എന്ന വാക്കിന്റെ എല്ലാം ഉൾപ്പെടുന്ന വിധത്തിലുള്ള നിർവ്വചനത്തിന്റെ പരിധിയിൽ മൂന്നാർ പ്രദേശത്തെ മേൽ പ്രസ്താവിച്ച എട്ട് വില്ലേജുകളിലെ ഭൂമിയിൻമേലുള്ള ഉടമസ്ഥാവകാശം, കൈവശാവകാശം, ഭൂമിയുടെ ഉപയോഗം അല്ലെങ്കിൽ മറ്റേതെങ്കിലും അവകാശം എന്നിവ സംബന്ധിച്ച് സ്വകാര്യ വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾ തീർപ്പുകൽപ്പിക്കുന്നത് പോലും വരുന്നതാണെന്ന് അശോക് കുമാർ, എൻ.-ഉം മറ്റൊരാളും അഭി അടിമാലി ബ്ലോക്ക് പഞ്ചായത്തും മറ്റുളളവരും [2014(2) കെ.എൽ.റ്റി. 278] എന്ന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിക്കുകയുണ്ടായി. അതിന്റെ ഫലമായി സിവിൽ കോടതികളിൽ തീർപ്പാകാതെയുള്ള എല്ലാ കേസുകളും സ്വകാര്യവ്യക്തിക്ക് അവകാശപ്പെട്ട ഭൂമിയുമായി ബന്ധപ്പെട്ടതാണോ അല്ലെങ്കിൽ അവ സർക്കാരിന് അവകാശപ്പെട്ടതാണോ എന്നത് കണക്കിലെടുക്കാതെതന്നെ ഒരു സ്തംഭനാവസ്ഥ ഉണ്ടാക്കുന്ന വിധത്തിൽ ട്രൈബ്യൂണലിലേക്ക് കൈമാറുകയുണ്ടായി. അതിനാൽ, "തർക്കം" എന്ന പദത്തിന്റെ നിർവ്വചനം, അത് സ്വകാര്യവ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ ഒഴികെയുള്ളവയിലേക്ക് പരിമിതപ്പെടുത്തിക്കൊണ്ട് ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നു.

3. ട്രൈബ്യൂണലിലെ ചെയർമാന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധിയും വിരമിക്കലിനുള്ള പ്രായവും സംബന്ധിച്ചും അതുപോലെതന്നെ ട്രൈബ്യൂണലിന്റെ ഉത്തരവുകൾ നടപ്പാക്കുന്നത് സംബന്ധിച്ചും ആക്റ്റിൽ പ്രത്യേക വ്യവസ്ഥകൾ ഇല്ല. കൂടാതെ, ട്രൈബ്യൂണലിനുവേണ്ടി ഒരു രജിസ്ട്രാറെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. മേൽ പ്രസ്താവിച്ച കാര്യങ്ങൾക്കായി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം മൂന്നാർ പ്രത്യേക ട്രൈബ്യൂണലിന്റെ ചെയർമാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

4. മേൽ പ്രസ്താവിച്ച വിധിന്യായവും മറ്റ് നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

5. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുളളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം പ്രകാരം ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 3 എ വകുപ്പ് ചെയർമാനും രണ്ട് അംഗങ്ങളും അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതു വരെ ഉദ്യോഗം വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അവരുടെ വേതനവും ബത്തയും ആയി ബന്ധപ്പെട്ട് സംസ്ഥാന സഞ്ചിതനിധിയിൽനിന്നും പ്രതിവർഷം ഏകദേശം 60,68,352 രൂപ (അറുപത് ലക്ഷത്തി അറുപത്തെട്ടായിരത്തി മുന്നൂറ്റി അൻപത്തി രണ്ട് രൂപ) വരെ ചെലവ് പ്രതീക്ഷിക്കുന്നു.

ബില്ലിലെ 4-ാം ഖണ്ഡം പ്രകാരം ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 3 ബി വകുപ്പ് ഡെപ്യൂട്ടേഷൻ മുഖേന ട്രൈബ്യൂണലിന് ഒരു രജിസ്ട്രാറെ നിയമിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട് വേതനം, ബത്തകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും പ്രതിവർഷം ഏതാണ്ട് 12,06,600 രൂപ (പന്ത്രണ്ട് ലക്ഷത്തി ആറായിരത്തി അറുനൂറ് രൂപ) വരെ ചെലവ് പ്രതീക്ഷിക്കുന്നു.

ഉമ്മൻ ചാണ്ടി

## 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റിൽ (2010-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അധികാരസ്ഥാനം" എന്നാൽ മൂന്നാർ പ്രദേശത്തെ തർക്കങ്ങൾ തീർപ്പാക്കുന്നതിന് സർക്കാർ രൂപീകരിച്ചിട്ടുള്ള അധികാരസ്ഥാനങ്ങൾ എന്നർത്ഥമാകുന്നതും അതിൽ ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെ മുൻപിലാണോ മൂന്നാർ പ്രദേശവുമായി ബന്ധപ്പെട്ട തർക്കങ്ങൾ തീർപ്പാകാതെ നിലനിൽക്കുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;

** ** **

(ഡി) "തർക്കം" എന്നാൽ മൂന്നാർ പ്രദേശത്തെ ഭൂമിയിൻമേലോ ഭൂമിയുമായി ബന്ധപ്പെട്ടതോ ആയ ഉടമസ്ഥാവകാശമോ കൈവശാവകാശമോ ഉപയോഗമോ മറ്റേതെങ്കിലും അവകാശമോ അതുപോലെതന്നെ അങ്ങനെയുള്ള പ്രദേശത്തെ എല്ലാ നിർമ്മാണങ്ങളും ഭൂമിയുടെ മറ്റ് ഉപയോഗങ്ങളും സംബന്ധിച്ച് ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ കോടതികളുടെയോ മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന എല്ലാതർക്കങ്ങളും എന്നർത്ഥമാകുന്നു;

** ** **

3. ട്രൈബ്യൂണലിന്റെ രൂപീകരണവും അതിന്റെ ഘടനയും ചുമതലകളും.—(1) സർക്കാർ, വിജ്ഞാപനംമൂലം ഈ ആക്റ്റിൻ കീഴിലുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുന്നതിനായി 'മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ' എന്ന പേരിൽ ഒരു ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ട്രൈബ്യൂണലിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരാൾ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ജില്ലാ ജഡ്ജി ആയിരിക്കേണ്ടതും, ആ വ്യക്തി ട്രൈബ്യൂണലിന്റെ ചെയർമാൻ ആയിരിക്കേണ്ടതുമാണ്.

** ** **

4. ട്രൈബ്യൂണലിലേക്ക് തർക്കങ്ങൾ കൈമാറ്റം ചെയ്യൽ .—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഹൈക്കോടതിയും സുപ്രീം കോടതിയും ഒഴികെയുള്ള ഏതെങ്കിലും കോടതിയുടെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ നിലവിലിരിക്കുന്ന മൂന്നാർ പ്രദേശത്തെ സംബന്ധിക്കുന്ന എല്ലാ തർക്കങ്ങളും ഈ ആക്റ്റ് പ്രകാരം ട്രൈബ്യൂണൽ രൂപീകരിച്ചാലുടൻതന്നെ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

5. ട്രൈബ്യൂണലിലേക്ക് കേസുകൾ റഫർ ചെയ്യാനുള്ള ഹൈക്കോടതിയുടെ അധികാരം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മൂന്നാർ പ്രദേശത്തെ സംബന്ധിച്ച്, ഹൈക്കോടതിയുടെ മുമ്പാകെ നിലവിലിരിക്കുന്ന ഏതു വ്യവഹാരവും, ഈ ആക്റ്റ് പ്രകാരം ന്യായനിർണ്ണയം ചെയ്യുവാൻ അധികാരപ്പെടുത്തപ്പെട്ട ട്രൈബ്യൂണലിലേക്ക് അന്തിമവിധിക്കായി, റഫർ ചെയ്യുന്നതിന് ഹൈക്കോടതിക്ക് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള റഫറൻസിന് ട്രൈബ്യൂണലിന് നടപടികളുമായി മുന്നോട്ട് പോകാവുന്നതും ഈ ആക്റ്റ് പ്രകാരം ഉത്തരവുകൾ പാസ്സാക്കാവുന്നതും അവ അന്തിമമായിരിക്കുന്നതുമാണ്.

** ** **

10. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ട്രൈബ്യൂണൽ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ തീർപ്പുകല്പിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

** ** **